കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം -695033

**പൊതുതിരഞ്ഞെടുപ്പ് 2025 - അടിയന്തരം**

നമ്പർ: B2/132/2025-SEC-Part(1) തീയതി: **06-12-2025**

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ & ജില്ലാ കളക്ടർമാർക്കും

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - പൊതുതിരഞ്ഞെടുപ്പ് 2025 - സംബന്ധിച്ച്

സൂചന:- 1. കമ്മീഷന്റെ 14.11.2025-ലെ 74/2025/സം.തി.ക മുതൽ 77/2025/സം.തി.ക നമ്പർ വിജ്ഞാപനങ്ങൾ.

2. സർക്കാരിന്റെ 26.11.2025-ലെ G.O.(Rt) No.1039/2025/TAXES നമ്പർ ഉത്തരവ്.

പോളിംഗ് സ്റ്റേഷനുകളായും, സ്വീകരണ വിതരണ കേന്ദ്രങ്ങളായും നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾഉൾപ്പടെയുള്ള സ്ഥാപനങ്ങൾക്ക് വോട്ടെടുപ്പ് ദിവസവും അതിന്റെ തലേന്നും ആവശ്യാനുസരണം അവധി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. അതോടൊപ്പം വോട്ടെണ്ണൽ കേന്ദ്രമായി നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾഉൾപ്പടെയുള്ള സ്ഥാപനങ്ങൾക്ക് വോട്ടെണ്ണൽ ദിവസവും ആവശ്യാനുസരണം അവധി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

തിരഞ്ഞെടുപ്പ് നടക്കുന്ന പഞ്ചായത്ത് നിയോജകമണ്ഡലങ്ങളുടെയും, മുനിസിപ്പാലിറ്റി വാർഡുകളുടെയും പരിധിക്കുള്ളിൽ വോട്ടെടുപ്പ് അവസാനിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയത്തിന് തൊട്ടുമുമ്പുള്ള 48 മണിക്കൂർ സമയത്തേയ്ക്കും, വോട്ടെണ്ണൽ ദിവസവും 2002 ലെ കേരള അബ്കാരി ഷോപ്പ്സ് ഡിസ്പോസൽ ചട്ടങ്ങളിലെ 7(11) (vi) ചട്ടപ്രകാരവും 1953 ലെ ഫോറിൻ ലിക്വർ ചട്ടങ്ങളിലെ 28A (vi) ചട്ടപ്രകാരവും സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ സൂചന (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇവ ലംഘിക്കപ്പെടാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ ജില്ലാതലത്തിൽ സ്വീകരിക്കേണ്ടതാണ്. ആവശ്യമായ സാഹചര്യങ്ങളിൽ അബ്കാരി ആക്ടിലെ 54-ാം വകുപ്പ് പ്രകാരമുള്ള നടപടിയും സ്വീകരിക്കേണ്ടതാണെന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

Signed by
Prakash B S
Date: 06-12-2025 14:46:44

PRAKASH.B.S
SECRETARY

പകർപ്പ് : കമ്മീഷണറുടെ പി.എസ്സ്

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033,
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )
e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in